# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.PTA.P11/637/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 12/07/2022
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.PTA.P11/637/22 തീയ്യതി: 12/07/2022

## പത്തനംതിട്ട ജില്ലയിലെ പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2020 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. സ്നിഗ്ധ എസ് | ഡെപ്യൂട്ടി ഡയറക്ടർ | 07-06-2022 | 16-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 07-06-2022 | 16-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.രഞ്ജീവ് വി കെ,ഓഡിറ്റ് ഓഫീസർ(ഹ ഗ്രേ)
ശ്രീ.മഹേഷ് കുമാർ കെ ആർ, അസിസ്റ്റൻറ് ഓഡിറ്റ് ഓഫീസർ
ശ്രീ.അരുൺ പി ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ
കുമാരി.കാവ്യ കൃഷ്ണൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ജയന്തി കുമാരി | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ഭരണനിർവ്വഹണ സമിതി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീ. എസ് രാജേന്ദ്ര പ്രസാദ് | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീമതി. അംബിക സി | സെക്രട്ടറി | 01-04-2020 | 20-01-2021 |
| ശ്രീ.പ്രശാന്ത് എ ജെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 21-01-2021 | 25-01-2021 |
| ശ്രീമതി.അംബിക സി | സെക്രട്ടറി | 26-01-2021 | 01-03-2021 |
| ശ്രീ.പ്രശാന്ത് എ ജെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. പ്രശാന്ത് എ ജെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി. ബിന്ദു.എസ്.കരുണാകരൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീ.അനിൽ മാമ്മൻ | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീ.പ്രസന്നൻ.എം.റ്റി | ഹെഡ് മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീമതി. അഖില.കെ.എം | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി. ചന്ദ്രലേഖ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ഡോ.റസീന ബീവി | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2020 | 31-03-2021 |
| ശ്രീ.സുരേഷ് | ഫിഷറീസ് സബ്.ഇൻസ്പെക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി. ലാലി സി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.ശ്യാം പ്രസാദ് | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | 01-04-2020 | 31-03-2021 |
| ശ്രീമതി.പ്രസന്നകുമാരി.ഡി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: K R Maheshkumar (Asst. Audit Officer, On 15-06-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 24-06-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: K R Maheshkumar (Asst. Audit Officer, On 15-06-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 24-06-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: K R Maheshkumar (Asst. Audit Officer, On 15-06-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 24-06-2022) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം.<br>Written By: K R Maheshkumar (Asst. Audit Officer, On 15-06-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 11-07-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Ranjeev V.K (Audit Officer (HG), On 18-06-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 11-07-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: K R Maheshkumar (Asst. Audit Officer, On 15-06-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 24-06-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: K R Maheshkumar (Asst. Audit Officer, On 15-06-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 24-06-2022) | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: K R Maheshkumar (Asst. Audit Officer, On 15-06-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 24-06-2022) | 1-8 |
| 9 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Kavya Krishnan (Auditor, On 15-06-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 24-06-2022) | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം<br>Written By: Ranjeev V.K (Audit Officer (HG), On 18-06-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 24-06-2022) | 1-10 |
| 11 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ<br>Written By: Kavya Krishnan (Auditor, On 18-06-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 24-06-2022) | 1-11 |
| 12 | മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശികയായി ₹99713 രൂപ ഈടാക്കാൻ അവശേഷിക്കുന്നു.<br>Written By: K R Maheshkumar (Asst. Audit Officer, On 20-06-2022)<br>Last Updated By: K R Maheshkumar (Asst. Audit Officer, On 26-06-2022) | 1-12 |
| 13 | വെട്ടിമാറ്റിയ മരങ്ങൾ ലേലം ചെയ്ത് മുതൽക്കൂട്ടേണ്ടതാണ്<br>Written By: Kavya Krishnan (Auditor, On 18-06-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 25-06-2022) | 1-13 |
| 14 | വാട്ടർചാർജ് 9.24ലക്ഷം, സംയുക്ത പരിശോധനയില്ല<br>Written By: Ranjeev V.K (Audit Officer (HG), On 17-06-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 11-07-2022) | 1-14 |
| 15 | റേഷൻകടകളുടെ ലൈസൻസ് ഫീസ്, റേഷൻ റീട്ടെയിൽ വ്യാപാരികളുടെ തൊഴിൽനികുതി എന്നിവ ഈടാക്കിയില്ല<br>Written By: Kavya Krishnan (Auditor, On 17-06-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 25-06-2022) | 1-15 |
| 16 | ജിപിഎസ് പ്രവർത്തിച്ചില്ല,കുടിവെള്ളവിതരണത്തിന് തനത് ഫണ്ട് | 1-16 |

| | | |
|---|---|---|
| | Written By: Ranjeev V.K (Audit Officer (HG), On 18-06-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 25-06-2022) | |
| 17 | പാലിന സബ്സിഡി - സബ്സിഡി ഗ്രാമപഞ്ചായത്ത് വിഹിതത്തിൽ നിന്ന് പൂർണ്ണമായി നൽകി<br>Written By: Kavya Krishnan (Auditor, On 17-06-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 25-06-2022) | 1-17 |
| 18 | നിക്ഷേപപ്രോജക്ട് പൂർത്തിയായില്ല<br>Written By: Ranjeev V.K (Audit Officer (HG), On 17-06-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 11-07-2022) | 1-18 |
| 19 | എസ്എസ്എ: പദ്ധതി പുരോഗതി ഗ്രാമപഞ്ചായത്ത് വിലയിരുത്തുന്നില്ല<br>Written By: Ranjeev V.K (Audit Officer (HG), On 18-06-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 25-06-2022) | 1-19 |
| 20 | സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി, വേതനം നൽകുവാൻ മെയിന്റനൻസ് ഫണ്ട് ചെലവഴിച്ചു<br>Written By: Arun P B (Senior Grade Auditor, On 18-06-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 25-06-2022) | 1-20 |
| 21 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് വാഹനം ഉപയോഗിച്ചതിൽ സുതാര്യത ഇല്ല<br>Written By: Arun P B (Senior Grade Auditor, On 18-06-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 25-06-2022) | 1-21 |
| 22 | ആശ്രയ പദ്ധതി-ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് നേരിട്ട് ആനുകൂല്യം നല്കുന്നില്ല<br>Written By: Arun P B (Senior Grade Auditor, On 18-06-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 25-06-2022) | 1-22 |
| 23 | പകൽ വീട്-നിർമ്മാണം പൂർത്തീകരിച്ചിട്ടും പ്രവർത്തനം ആരംഭിച്ചിട്ടില്ല<br>Written By: Arun P B (Senior Grade Auditor, On 18-06-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 25-06-2022) | 1-23 |
| 24 | റീടാറിംഗ് പ്രവ്യത്തികൾക്ക് ബിറ്റുമിൻ ഉപയോഗിച്ചതിന്റെ ബില്ലുകൾ ഹാജരാക്കാത്ത കരാറുകാർക്ക തുക നൽകി.<br>Written By: K R Maheshkumar (Asst. Audit Officer, On 20-06-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 11-07-2022) | 1-24 |
| 25 | സെൽഫ് ഡിക്ലറേഷൻ ഹാജരാക്കാത്ത കരാറുകാർക്ക് ജിഎസ് ടി കോമ്പൻസേഷൻ നൽകി.<br>Written By: K R Maheshkumar (Asst. Audit Officer, On 20-06-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 25-06-2022) | 1-25 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: K R Maheshkumar (Asst. Audit Officer, On 15-06-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 25-06-2022) | 4-1 |
| 2 | നിക്ഷേപപ്രവ്യത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: K R Maheshkumar (Asst. Audit Officer, On 15-06-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 25-06-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: K R Maheshkumar (Asst. Audit Officer, On 15-06-2022)<br>Last Updated By: K R Maheshkumar (Asst. Audit Officer, On 15-06-2022) | 4-3 |

| | | |
|---|---|---|
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: K R Maheshkumar (Asst. Audit Officer, On 15-06-2022)<br>Last Updated By: K R Maheshkumar (Asst. Audit Officer, On 24-06-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: K R Maheshkumar (Asst. Audit Officer, On 15-06-2022)<br>Last Updated By: K R Maheshkumar (Asst. Audit Officer, On 15-06-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: K R Maheshkumar (Asst. Audit Officer, On 26-06-2022)<br>Last Updated By: K R Maheshkumar (Asst. Audit Officer, On 26-06-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Kavya Krishnan (Auditor, On 16-06-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 25-06-2022) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം<br>Written By: Kavya Krishnan (Auditor, On 16-06-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 25-06-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Ranjeev V.K (Audit Officer (HG), On 18-06-2022)<br>Last Updated By: K R Maheshkumar (Asst. Audit Officer, On 26-06-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Kavya Krishnan (Auditor, On 16-06-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 25-06-2022) | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പാസ്സാക്കിയ തീയതി | 03.03.2020 |
| ബജറ്റ് ജനറൽ കമ്മിറ്റി പാസ്സാക്കിയ തീയതി | 20.03.2020 |
| റിവൈസ്ഡ് ബജറ്റ് അംഗീകരിച്ച തീയതി | 19.01.2021 |

ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കുകകൾ പ്രകാരമുള്ള യഥാർത്ഥ വരവ് ചെലവുകളും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 65443464 | 17200496 | 48242968 |
| വരവ് | 219001800 | 108188720 | 110813080 |
| ആകെ | 284445264 | 125389216 | 159056048 |
| ചെലവ് | 227292000 | 111894843 | 115397157 |
| നീക്കിയിരിപ്പ് | 57153264 | 13494373 | 43658891 |

## 1-2 വാർഷികധനകാര്യപത്രിക

ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ വാർഷികധനകാര്യ പത്രിക ILGMS നടപ്പാക്കിയ ഗ്രാമപഞ്ചായത്തായതിനാൽ ഇ-സബ്മിറ്റ് ചെയ്തിരുന്നില്ല. മാനുവലായി 25.08.2021-ൽ സമർപ്പിച്ച വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകൾ ചുവടെ ചേർക്കുന്നു

1.) കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ 2011, ചട്ടം 62 പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നീ പത്രികകൾ വാർഷിക കണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

2.) ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ- 2018-19,2019-20 വർഷത്തെ തുകയായ 44471837 തന്നെയാണ് തൻ വർഷത്തെ നീക്കിയിരിപ്പായി ഉൾപ്പെടുത്തിയിരിക്കുന്നത്. ഗ്രാന്റ് ചെലവുകൾ എല്ലാം തന്നെ റവന്യൂ എക്സ്പെൻഡിച്ചർ ആയി അക്കൗണ്ട് ചെയ്തിരിക്കുകയാണ്. ഗ്രാന്റ് തുക ഉപയോഗിച്ച് ആസ്തികൾ സൃഷ്ടിച്ചപ്പോൾ തത്തുല്യമായ തുക ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.

3) ഷെഡ്യൂൾ B4:- ഈ ഷെഡ്യൂളിൽ നീക്കിയിരിപ്പ് കാണിച്ചിരിക്കുന്ന ചുവടെ ചേർക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

| ഹെഡ് | ബി4 ഷെഡ്യൂൾ പ്രകാരം |
|---|---|
| 320100181 – റ്റി.എസ്.സി | 1027758 |
| 320100199 – Other Liabilities | 54816 |

B4 ഷെഡ്യൂൾ പ്രകാരം സംയുക്ത പദ്ധതികൾക്കായി ലഭിച്ച ഫണ്ടിൽ 54862 (Block Revenue Exp) രൂപ മാത്രമേ നീക്കിയിരിപ്പുള്ളൂ. എന്നാൽ B17ഷെഡ്യൂൾ പ്രകാരം Try. Special TSB-Joint Venture നീക്കിയിരിപ്പ് 404021 ആണ്.

4) ഷെഡ്യൂൾ B7, RP 34:- ഡെപ്പോസിറ്റ് രജിസ്റ്ററിൽ കോൺട്രാക്ടേഴ്സ്/സപ്ളയേഴ്സ്/ബിഡേഴ്സ് ഇ.എം.ഡി, കോൺട്രാക്ടേഴ്സ്/സപ്ളയേഴ്സ്/ബിഡേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് തുടങ്ങിയവ ഇനം തിരിച്ച് രേഖപ്പെടുത്തിയിട്ടില്ല. നിക്ഷേപത്തിന്റെ ഉദ്ദേശ്യം/തരം രജിസ്റ്ററിൽ രേഖപ്പെടുത്താത്തതിനാൽ ഷെഡ്യൂൾ B7, RP-34 പ്രകാരമുള്ള തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല. ഡെപ്പോസിറ്റ് റീ ഫണ്ട് ചെയ്തതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത് മിക്കതും സാക്ഷ്യപ്പെടുത്തിയിട്ടില്ല. 2018-19 വർഷം 24.07.2015 മുതലുള്ള ഡെപ്പോസിറ്റുകൾ ക്യാരി ഓവർ ചെയ്ത് എഴുതിയിട്ടുണ്ട്. എന്നാൽ 2019-20ൽ 30.01.2017 മുതൽ വരവ് വന്ന ഡെപ്പോസിറ്റുകളാണ് ക്യാരി ഓവർ ചെയ്തിരിക്കുന്നത്. ലാപ്സായ ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടിയത് സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല.

5.) ഷെഡ്യൂൾ B9:- Govt. & Other Dues Payable-VAT -100567 റിക്കവറി ഇനത്തിൽ ശേഷിച്ച തുക ഒടുക്ക് വരുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

6.) ഷെഡ്യൂൾ B-11(b):- പ്രകാരം ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്, ആസ്തി നിർമ്മാണത്തിന് പാർട്ട് ബിൽ പ്രകാരം

ചെലവില്ല. എന്നാൽ ആയതിന്റെ ആധികാരികത ഉറപ്പാക്കാനായിട്ടില്ല.

7.) ഷെഡ്യൂൾ B-11(e):- Capital Expenses-Infrastructure Sector: തൻ വർഷം 1 കോടി രൂപയിലധികം തുകയുടെ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. എന്നാൽ മുൻവർഷത്തെ തുകയിൽ നിന്നും 4930770 രൂപ മാത്രമാണ് ഈ വർഷം Road-Cement Concrete ആസ്തിയുടെ മൂല്യമായി ഉൾപ്പെടുത്തിയിരിക്കുന്നത്. റോഡ് (ടാർഡ്), കലുങ്കുകൾ എന്നിവയും മുൻ വർഷത്തെ തുക തന്നെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. തൻ വർഷം ഈയിനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പദ്ധതികളുടെ ചെലവുകൾ ഉൾപ്പെടുത്തിയിട്ടില്ല.

8.) ഷെഡ്യൂൾ B-11(a):- Accumulated Depreciation:- ആസ്തിയായി ഉൾപ്പെടുത്താതെ Sewerage & Drainage, Waterways, Public Lighting, Plant & Machinery എന്നാ ഹെഡ്ഡുകളിൽ നിന്നും യഥാക്രമം 223222, 233151, 465493, 207281 തുകകൾ Depreciation ഇനത്തിൽ കുറവു വരുത്തിയിട്ടുണ്ട്.

9.) ഷെഡ്യൂൾ B14:- ക്ലോസിംഗ് സ്റ്റോക്ക് സംബന്ധിച്ച വിവരങ്ങൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. രജിസ്റ്ററിൽ സ്റ്റോക്കിന്റെ മൂല്യം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല

10) B15:-വസ്തു നികുതി വരവ്, ചെലവ്, നീക്കിയിരിപ്പ്-സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

11) ഷെഡ്യൂൾ B18:- Advance To KWA- 742000 വർഷങ്ങളായി ഒരേ തുക തന്നെ നീക്കിയിരിപ്പ് കാണിച്ചിരിക്കുന്നു. Advance To KSEB-2573558 രൂപ കാണിച്ചിരിക്കുന്നു. മുൻവർഷത്തെ തുകയിൽ നിന്നും തൻവർഷം ഡെപ്പോസിറ്റ് ചെയ്ത 1000000 രൂപ ഉൾപ്പെടുത്തിയിട്ടില്ല. വിനിയോഗ രേഖകൾ വാങ്ങി ബന്ധപ്പെട്ട ആസ്തി ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.

തൻ വർഷം PWD, ചെറുകിട ജലസേചനം എന്നീ ഏജൻസികൾക്കു ഡെപ്പോസിറ്റായി യഥാക്രമം നൽകിയ തുകയായ 100000, 95000 രൂപ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 17200496 |
| വരവ് | 90992211.3 |
| ആകെ | 108192707.3 |
| ചെലവ് | 94698324 |
| നീക്കിയിരുപ്പ് | 13494373.3 |

## 1-4 ഗ്രാന്റ് വിനിയോഗം.

| ഫണ്ട് | മുന്നിരിപ്പ് | ബജറ്റ് അലോട്ട്മെന്റ് പ്രകാരം ലഭിച്ച തുക | ആകെ | ചെലവ് | ലാപ്സായ തുക/ ചെലവഴിക്കാത്ത തുക |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 10193625 | 10193625 | 10130100 | 63525 |
| വികസന ഫണ്ട് (SCP) | 0 | 11999974 | 11999974 | 9525729 | 2474245 |
| വികസന ഫണ്ട് (TSP) | 0 | 83000 | 83000 | 40798 | 42202 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) | 0 | 3980000 | 3980000 | 1248356 | 2731644 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Un Tied) | 0 | 7799689 | 7799689 | 4403129 | 3396560 |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 0 | 51556000 | 51556000 | 39585900 | 11970100 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 0 | 3492000 | 3492000 | 3100877 | 391123 |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ | | | | | |
| ICDS | 761398 | 1028457 | 1789855 | 647482 | 1142373 |
| MGNREGS | 544648 | 21139112 | 21683760 | 21001088 | 682672 |
| സംസ്ഥാനാവിഷ്കൃത പദ്ധതികൾ | | | | | |
| ലൈബ്രറി ഗ്രാന്റ് | 50048 | 24073 | 74121 | 48000 | 26121 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 1686995 | 1800062 | 3487057 | 664609 | 2822448 |
| ഫ്ലഡ് റിലീഫ് ഗ്രാന്റ് | 128357 | 0 | 128357 | 0 | 128357 |
| TSC | 1900074 | 0 | 1900074 | 872316 | 1027758 |

ഗ്രാന്റ് വിനിയോഗ പത്രിക – അപാകതകൾ.

ഗ്രാമപഞ്ചായത്ത് പരിശോധനയ്ക്കായി സമർപ്പിച്ച ഗ്രാന്റ് വിനിയോഗ പത്രികകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന ന്യൂനതകൾ ശ്രദ്ധയിൽപ്പെട്ടു.

1) പൊതുവിഭാഗം വികസന ഫണ്ടിന്റെ ഒന്നും മൂന്നും നാലും ഗഡുക്കൾ അനുവദിച്ചുകൊണ്ടുള്ള ധനകാര്യ വകുപ്പിന്റെ ഉത്തരവുകൾ പരിശോധിച്ചതിൽ, അലോട്ട്മെന്റ് പ്രകാരമുള്ള തുക വരവായി എടുക്കുന്നതിന് പകരം സർക്കാർ സ്രോതസ്സിൽ നിന്നും കുറവ് ചെയ്തതിന് ശേഷം പൊതു വിഭാഗത്തിലും SCP വിഭാഗത്തിലും അനുവദിച്ച അറ്റ തുകയാണ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവായി എടുത്തിരിക്കുന്നതെന്ന് വ്യക്തമായി. സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുക ജി.ഒ പ്രോജക്ടായി സുലേഖയിൽ ഉൾപ്പെടുത്തിയിട്ടുമില്ല. ലൈഫ് മിഷൻ പാർപ്പിട പദ്ധതിയ്ക്കായി തദ്ദേശ സ്ഥാപനങ്ങൾ എടുത്ത വായ്പ തിരിച്ചടക്കുന്നതിനും അങ്കണവാടി ജീവനക്കാരുടെ വേതനത്തിനുമുള്ള തുക തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഒന്നും മൂന്നും നാലും വികസന ഫണ്ടിൽ നിന്നും തുക കുറവ് ചെയ്യുമെന്ന് അലോട്ടുമെന്റ് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) രണ്ടാം ഗഡു തുകയിൽ നിന്നും വോട്ടിംഗ് മെഷീനായി സ്രോതസ്സിൽ നിന്നും കുറവു ചെയ്ത 35319 രൂപ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | യഥാർത്ഥ അലോട്ട്മെന്റ് | സ്രോതസ്സിൽ നിന്നും കുറവു ചെയ്ത തുക | അനുവദിച്ച അറ്റ തുക | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വരവ് |
|---|---|---|---|---|
| വികസന ഫണ്ട് ജനറൽ ഒന്നാം ഗഡു. | 3319300 | 292000 അങ്കണവാടി വേതനം | 3027300 | 3027300 |
| വികസന ഫണ്ട് ജനറൽ മൂന്നാം ഗഡു. | 1061750 | 292000 – അങ്കണവാടി വേതനം. 29255- ലൈഫ് വായ്പ മുതൽ തിരിച്ചടവ് | 740495 | 740495 |
| വികസന ഫണ്ട് ജനറൽ നാലാം ഗഡു. | 3020300 | 292000 – അങ്കണവാടി വേതനം. 29254- ലൈഫ് വായ്പ മുതൽ തിരിച്ചടവ് | 2699046 | 2699046 |
| വികസന ഫണ്ട് SCP മൂന്നാം ഗഡു. | 1595000 | 124608 – ലൈഫ് വായ്പ | 1470392 | 1470392 |

| | | | | |
|---|---|---|---|---|
| | | മുതൽ തിരിച്ചടവ്. | | |
| വികസന ഫണ്ട് SCP നാലാം ഗഡു. | 3190000 | 124607 – ലൈഫ് വായ്പ മുതൽ തിരിച്ചടവ്. | 3065393 | 3065393 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) രണ്ടാം ഗഡു | 1164000 | വോട്ടിംഗ് മെഷീൻ- 35319 | 1128681 | 1128681 |

2) മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) ചെലവ് തുകയിൽ 140179 രൂപ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ചെലവായി ഉൾപ്പെടുത്തിയിട്ടില്ല.

അങ്കണവാടി നമ്പർ 56 മെയിന്റനൻസ് എന്ന പദ്ധതിയിലൂടെ (പ്രൊജക്റ്റ് നമ്പർ 199/20-21,61/19-20) 140179 രൂപ ബിൽ ബുക്ക് പ്രകാരം ചെലവഴിച്ചിട്ടുണ്ട്. (ബിൽ നം.60 /20.04.2020). അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരവും ഈ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരവും ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരവും ഈ ചെലവ് രേഖപ്പെടുത്തിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയ പദ്ധതികൾ | പദ്ധതി ചെലവ് | നടപ്പാക്കാത്തവ | പദ്ധതി ചെലവ് ശതമാനം |
|---|---|---|---|---|---|
| 241 | 107095021 | 198 | 74269773 | 43 | 69.35 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ഭരണ ചെലവുകൾ | 544648 | 954364 | 816340 | 682672 |
| ഗുണഭോക്താക്കൾക്ക നേരിട്ട് നൽകിയത് | 0 | 35000 | 35000 | 0 |
| തൊഴിൽ ചെയ്തവർക്ക് വേതനം | 0 | 20149748 | 20149748 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പെൻഷൻ ഇനം | ചെലവ് | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 7825900 | 411 |
| മാനസിക – ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 5082800 | 269 |
| വിധവാ പെൻഷൻ | 16382600 | 875 |
| വാർദ്ധക്യകാല പെൻഷൻ | 30680100 | 1743 |
| അവിവാഹിതരായ 50 വയസ്സിന്മേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 801400 | 38 |
| തൊഴിൽ രഹിത വേതനം | 19320 | 27 |

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|

| | | | |
|---|---|---|---|
| അക്കൗണ്ടൻറ് ജനറലിന്റെ ഓഡിറ്റ് | ലഭ്യമാക്കിയില്ല | 2015 – 2016 | 09.06.2017 |
| പെർഫോമൻസ് ഓഡിറ്റ് | 13.04.2022 | 01.04.2021 മുതൽ 31.12.2021 വരെ | 13.04.2022 |

## 1-9 ക്യാഷ് ബാലൻസ് പരിശോധന

ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് പരിശോധന 10-06-2022, 11.55 A.M.-ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരുപ്പ് തുകയായ 7550 (ഏഴായിരത്തി അഞ്ഞൂറ്റി അൻപത് ) രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ കാര്യക്ഷമമായ ആഭ്യന്തരനിയന്ത്രണ സംവിധാനം നിലവിലുണ്ട്. തനത് വരവുകൾ പിരിച്ചെടുക്കുന്നതിൽ ജാഗ്രതയുണ്ട്. ഭൂരിഭാഗം ചെലവുകളിലും ആഭ്യന്തരനിയന്ത്രണം കാണാം. എന്നാൽ ബജറ്റും യഥാർത്ഥ കണക്കുകളും തമ്മിൽ വലിയ അന്തരം കാണുന്നു. വരവ്ചെലവിൽ ബജറ്റ് വഴിയുള്ള നിയന്ത്രണം കൂടുതൽ ശക്തമാക്കേണ്ടതുണ്ട്.

ഐ.ഇ.എൽ.ജി.എം.എസ്. ആദ്യഘട്ടത്തിൽ തന്നെ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയിട്ടുണ്ട്. എന്നാൽ വാർഷികകണക്കിന്റെ അക്കൗണ്ടിംഗിൽ അപാകങ്ങൾ കാണുന്നു. കണക്കുകൾ ശരിയായി അക്കൗണ്ടുകളിൽ വിന്യസിക്കേണ്ടത് ആഭ്യന്തരനിയന്ത്രണം ശക്തിപ്പെടുത്തുവാൻ ആവശ്യമാണ്.

സർക്കാർ ഗ്രാന്റുകൾ പൂർണമായി ചെലവഴിക്കാനായിട്ടില്ല. പ്രോജക്ട് ആസൂത്രണനിർവഹണത്തിൽ വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മറ്റികളും വഴിയുള്ള നിയന്ത്രണനിരീക്ഷണ സംവിധാനങ്ങൾ കൂടുതൽ സജീവമാകേണ്ടതുണ്ട്. നിർവഹണഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ പൂർത്തീകരണസാക്ഷ്യപത്രം തയ്യാറാക്കിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ മോണിട്ടറിംഗ് റിപ്പോർട്ടുകൾ പ്രോജക്ട് ഫയലുകളിൽ സൂക്ഷിച്ചിട്ടില്ല. പ്രോജക്ട് നിർവഹണത്തിൽ ആഭ്യന്തരനിയന്ത്രണം ഉണ്ടായിരുന്നു എന്ന് തെളിയിക്കുന്നതാണ് ഈ രേഖകൾ. അതിനാൽ ഈ സംവിധാനങ്ങൾ ശരിയായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ഗ്രാമപഞ്ചായത്ത് വിഹിതം നല്കുന്ന എസ്എസ്എ പോലുള്ള സർക്കാർ പദ്ധതികളുടെ ഗുണഫലം ഗ്രാമപഞ്ചായത്തിലെ സ്കൂളുകളിൽ ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കാൻ ഓഡിറ്റ് വർഷം നിയന്ത്രണനിരീക്ഷണ സംവിധാനങ്ങൾ പ്രവർത്തിച്ചിട്ടില്ല. അതിന് പരിഹാരം കാണേണ്ടതാണ്.

പൊതുടാപ്പുകളിലും ടാങ്കറിലുമുള്ള കുടിവെള്ളവിതരണത്തിന് വലിയ തുക ചെലവഴിക്കുന്നുണ്ട്. ഈ ചെലവിന് അനുസരിച്ച് വെള്ളം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാനുള്ള ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ കാണുന്നില്ല. സർക്കാർ ഉത്തരവുകൾ പാലിച്ചും പരിശോധനാസംവിധാനങ്ങൾ ശക്തിപ്പെടുത്തിയും ചെലവിൽ നിയന്ത്രണം കൊണ്ടുവരേണ്ടതാണ്.

## 1-11 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 232, 233 ൽ 20.10.2017 മുതൽ ഭേദഗതി വരുത്തുകയും ആയതിനനുസരിച്ച് ലൈസൻസ് ഫീ നിരക്കിൽ ഇളവുകൾ വരുത്തുകയും ചെയ്തിരുന്നു. (2018 ലെ കേരളം നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കലും ആക്റ്റ്). ഇതനുസരിച്ച് 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരികൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ഭേദഗതി ചെയ്തിരുന്നു. പട്ടിക II പ്രകാരമുള്ള ലൈസൻസ് ഫീ താഴെ പറയും പ്രകാരമാണ്.

| | മേഖല | മൂലധന നിക്ഷേപം | ഈടാക്കാവുന്ന വാർഷിക ലൈസൻസ് ഫീ |
|---|---|---|---|
| മൈക്രോ എന്റർപ്രൈസസ് | ഉൽപ്പാദനം | 25 ലക്ഷം വരെ | 500 |
| | സേവനം | 10 ലക്ഷം വരെ | |
| മിനി എൻർപ്രൈസസ് | ഉൽപ്പാദനം | 25 ലക്ഷം മുതൽ 1 കോടി വരെ | 1000 |
| | സേവനം | 10 ലക്ഷം മുതൽ | |

| | | | |
|---|---|---|---|
| | | 50 ലക്ഷം വരെ | |
| സ്മാൾ എന്റർപ്രൈസസ് | ഉൽപ്പാദനം | 1 കോടി മുതൽ 5 കോടി വരെ | 5000 |
| | സേവനം | 50 ലക്ഷം മുതൽ 2കോടി വരെ | |
| മീഡിയം എന്റർപ്രൈസസ് | ഉൽപ്പാദനം | 5കോടി മുതൽ 10 കോടി വരെ | 10000 |
| | സേവനം | 2 കോടി മുതൽ 5കോടി വരെ | |
| ലാർജ് എന്റർപ്രൈസസ് | ഉൽപ്പാദനം | 10കോടിയിൽ കൂടുതൽ | 15000 |
| | സേവനം | 5 കോടിയിൽ കൂടുതൽ | |

എന്നാൽ ഗ്രാമ പഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ ലൈസൻസ് ഫീസ് ഈടാക്കിയിരിക്കുന്നത് മേൽ ചട്ടപ്രകാരമല്ല. വ്യത്യസ്ത മൂലധനനിക്ഷേപമുള്ള സ്ഥാപനങ്ങളിൽനിന്നും ഒരേ നിരക്കിലാണ് ലൈസൻസ് ഫീ ഈടാക്കിയിരിക്കുന്നത് . ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപന ഉടമയുടെ പേര് /സ്ഥാപനം മൂലധന നിക്ഷേപം (പി. സി.ബിയുടെ സാക്ഷ്യപത്രം പ്രകാരം) | ലൈസൻസ് നം/ സ്ഥാപനത്തിന്റെ പേര് | ഈടാക്കിയ ഫീസ്/ രസീത് നം/തീയതി |
|---|---|---|---|
| 1 | ഗോപാലകൃഷ്ണ കുറുപ്പ്, കളഞ്ഞിക്കൊമ്പിൽ, ഇടമാലി 18 ലക്ഷം രൂപ | എ.6-1008/20-21-6 എക്സ്സർവ്വീസ് മെൻ സാമിൽ | 2000/- 119040104779/16.03.2020 |
| 2 | റ്റി.കെ.ജരീഷ്, താന്നിവിള കിഴക്കേതിൽ, ആനന്ദപ്പള്ളി 36 ലക്ഷം രൂപ | എ.6-1014/20-21-7 ഗേറ്റ് വേ വുഡ് ഇൻഡസ്ട്രീസ് | 2000/- 119040100293/16.04.2020 |
| 3 | യോഹന്നാൻ വി.റ്റി, പീസ് കോട്ടേജ്, പറന്തൽ 15 ലക്ഷം രൂപ | എ.6-772/20-21-8 കട്ടൂസ് ഹോളോബ്രിക്സ് | 2000/- 119040104812/17.03.2020 |
| 4 | കെ ജി കെ ഗുരുവരൻ, കുഴവേലിൽ പുത്തൻ വീട്, പാറക്കര 45 ലക്ഷം രൂപ | എ.6-1079/20-21-17 കാരുണ്യ ഫ്യൂവൽസ് | 2000/- 47709-02/28.04.2020 |
| 5 | സന്തോഷ് കുമാർ.കെ എസ്, പെരുംമ്പുളിക്കൽ 27.43 ലക്ഷം രൂപ | എ.6-1497/20-21-42 ഡിവൈൻ ആയുർവേദിക് ഹെറിറ്റേജ് ലിമിറ്റഡ്. മന്നം നഗർ, പെരുംമ്പുളിക്കൽ | 1000/- 120040100266/22.05.2020 |

ഇത്തരത്തിൽ ഒരേ നിരക്കിൽ ലൈസൻസ് ഫീ ഈടാക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്തിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം:07/13.06.2022) പരമാവധി തുകയുടെ സ്ലാബിന്റെ പരിധിയിൽ നിന്നാണ് ലൈസൻസ് ഫീ ഈടാക്കുന്നതെന്നും

വ്യത്യസ്ത കാലയളവിൽ തുടങ്ങിയിട്ടുള്ള സ്ഥാപനങ്ങളായതിനാലും അത് സ്ഥിതി ചെയ്യുന്ന പ്രദേശത്തെയും ദൈനംദിന ഇടപാടുകളുടെ വ്യത്യസ്തതയെയും കണക്കാക്കിയാണ് മൂലധന നിക്ഷേപത്തിൽ മാറ്റമുണ്ടെങ്കിലും ഒരേ നിരക്കിൽ ഫീസ് ഈടാക്കി വരുന്നതെന്ന് സെക്രട്ടറി മറുപടി നല്കി. എന്നാൽ ദൈനംദിന വിറ്റുവരവിനെ അടിസ്ഥാനമാക്കിയല്ല പകരം മൂലധന നിക്ഷേപം അടിസ്ഥാനമാക്കിയാണ് നിലവിൽ ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. ഇത്തരത്തിൽ വ്യക്തമായ മാനദണ്ഡമില്ലാതെ ഫീസ് ഈടാക്കുന്നതിനാൽ പല അപാകതകളും ഉണ്ടാകുന്നു. ഉദാഹരണത്തിന് ക്രമ നമ്പർ 3, 4 എന്നിവ കാണുക. 15 ലക്ഷം രൂപ മൂലധന നിക്ഷേപം കാണിച്ച അപേക്ഷകനിൽ നിന്നും 2000 രൂപയും 45 ലക്ഷം രൂപ കാണിച്ച അപേക്ഷകനിൽ നിന്നും അതേ നിരക്കായ 2000 രൂപയുമാണ് ഫീസായി ഈടാക്കിയിട്ടുള്ളത്. ഓരോ വിഭാഗത്തിലെയും സ്ഥാപനങ്ങളിൽ നിന്നും വ്യത്യസ്ത നിരക്ക് ഈടാക്കുന്നതിന് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ സ്ലാബ് നിശ്ചയിക്കേണ്ടതാണ്. 50 ലക്ഷം രൂപ വരെ സേവനമേഖലയിൽ മൂലധന നിക്ഷേപം നടത്തിയ സംരംഭകരിൽ നിന്നും 1000 രൂപ മാത്രമേ ഈടാക്കാൻ നിയമമുള്ളൂ എന്നിരിക്കെയാണ് മാനദണ്ഡങ്ങളില്ലാതെ ഗ്രാമപഞ്ചായത്ത് സംരംഭകരിൽ നിന്നും ഫീസ് ഈടാക്കുന്നത്. മേൽ ഭേദഗതി ചട്ടങ്ങൾ പ്രകാരം ചട്ടം 10ലെ പട്ടിക 2ന് വിധേയമായി പരമാവധി ഈടാക്കാവുന്ന ലൈസൻസ് ഫീസ് നിശ്ചയിച്ച് ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനം എടുത്തിട്ടില്ല. ആയതിനാൽ, ഭേദഗതി ചട്ടങ്ങൾ പ്രകാരം ചട്ടം 10ലെ പട്ടിക 2ന് വിധേയമായി പരമാവധി ഈടാക്കാവുന്ന ലൈസൻസ് ഫീസ് നിശ്ചയിച്ച് ഗ്രാമപഞ്ചായത്ത് ഭരണസമിതി അടിയന്തിരമായി തീരുമാനം എടുക്കേണ്ടതാണ്.

(ii) 2019-20 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ, മറ്റ് രേഖകൾ എന്നിവ പരിശോധിച്ചതിൽ നിന്നും പഞ്ചായത്തിൽ ലൈസൻസ് ഇനത്തിൽ 228530/- ആണ് ആകെ പിരിച്ചെടുത്തിട്ടുള്ളത്. എന്നാൽ 2020-21 സാമ്പത്തിക വർഷം 88500 രൂപ മാത്രമാണ് ലൈസൻസ് ഇനത്തിൽ ഉള്ള വരവ്. ഇത്തരത്തിൽ ലൈസൻസ് വരവിനത്തിലുള്ള വലിയ കുറവിന്റെ കാരണം ആരാഞ്ഞുള്ള ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.07/13.06.2022) മറുപടിയായി കോവിഡ് വ്യാപനത്തിൻറെ പശ്ചാത്തലത്തിൽ അനേകം ചെറുകിട വ്യാപാര സ്ഥാപനങ്ങളുടെ പ്രവർത്തനം നിലച്ചതും പഞ്ചായത്തിലെ ജീവനക്കാർ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ വ്യാപൃതരായതിനാലും പൂർണ്ണമായി ലൈസൻസ് ഫീസ് പിരിച്ചെടുക്കാൻ കഴിഞ്ഞില്ല എന്ന് അറിയിച്ചിട്ടുണ്ട്. ലൈസൻസിന്റെ പരിധിയിൽ എല്ലാ വ്യാപാരസ്ഥാപനങ്ങളും വരുന്നുണ്ടോയെന്ന് ഉറപ്പാക്കുന്നതിന് എല്ലാ വർഷവും പുതിയ വ്യാപാരസ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ടേഡേഴ്സ് ലിസ്റ്റ് പുതുക്കേണ്ടതും അതനുസരിച്ച് അവയെ ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതുമാണ്. ലൈസൻസ് ഫീസ് പൂർണ്ണമായും പിരിച്ചെടുത്ത് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഭരണസമിതിയുടെയും, ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെയും ഇടപെടൽ ഉണ്ടാകേണ്ടതാണ്.

## 1-12 മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശികയായി ₹99713 രൂപ ഈടാക്കാൻ അവശേഷിക്കുന്നു.

2020-21 സാമ്പത്തിക വർഷം വരെയുള്ള മൊബൈൽ ടവറുകളുടെ വസ്തു നികുതി കണക്കുകൾ സഞ്ചയ സോഫ്റ്റ്‌വെയർ മുഖേന പരിശോധിച്ചപ്പോൾ താഴെ പറയുന്ന ടവർ ഉടമകൾ 99713 രൂപ കുടിശ്ശിക വരുത്തിയിട്ടുള്ളതായി കണ്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നം/ കെട്ടിട നം | മൊബൈൽ ടവർ | നിർണ്ണയിച്ച വസ്തു നികുതി + ലൈബ്രറി സെസ്സ് + സർവീസ് സെസ്സ് | കുടിശ്ശിക കാലയളവ് | കുടിശ്ശിക |
|---|---|---|---|---|---|
| 1 | 07/689 | ജനറൽ മാനേജർ, BSNL | 4200+210+420 = 4830 | 2013-14 മുതൽ 2020-21 വരെ | 8x4830 =38640 |
| 2 | 08/623 | റിലയൻസ് ടെലികോം | 5400+270+540 = 6210 | 2021 IInd Half | 2700+270+135 =3105 |
| 3 | 10/404 | സബ് ഡിവിഷണൽ എഞ്ചിനീയർ, BSNL | 3150+158+315 | 2013-14 മുതൽ 2020-21 വരെ | 8x3623 =28984 |
| 4 | 13/489 | ജനറൽ മാനേജർ, BSNL | 3150+158+315 | 2013-14 മുതൽ 2020-21 വരെ | 8x3623 =28984 |
| | | ആകെ | | | 99713 |

മേൽ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം:15/20-21; 14.06.2022) മറുപടിയായി നികുതി കുടിശ്ശികയായവർക്ക് പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചിട്ടുള്ളതാണെന്ന് സെക്രട്ടറി അറിയിച്ചിരുന്നു. കുടിശ്ശിക തുക ഈടാക്കാൻ ഭരണസമിതി തുടർ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

## 1-13 വെട്ടിമാറ്റിയ മരങ്ങൾ ലേലം ചെയ്ത് മുതൽക്കൂട്ടേണ്ടതാണ്

ഗവ എൽ.പി.എസ്.പൊങ്ങലടി കോമ്പൗണ്ടിൽ അപകടകരമായി നിന്ന മരങ്ങൾ മുറിച്ചുമാറ്റുന്നതിന് 2020-21 സാമ്പത്തിക വർഷം താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| വൗച്ചർ നം., തീയതി | തുക | റിമാർക്സ് |
|---|---|---|
| 22000200, 24.06.2020 | 18000 | പൊങ്ങലടി ഗവ. എൽ.പി.എസ്. വളപ്പിൽ അപകടകരമായി നിന്ന മരങ്ങൾ മുറിച്ച് മാറ്റിയതിന് നൽകിയത് |

ഗവ എൽ.പി.എസ്.പൊങ്ങലടി കോമ്പൗണ്ടിൽ നിന്നിരുന്ന ഒരു പ്ലാവ്, ഒരു പുളി വാക മരങ്ങൾ കുട്ടികൾക്കും സ്കൂൾ കെട്ടിടത്തിനും അപകട ഭീഷണി ഉയർത്തിയ സാഹചര്യത്തിലും സ്കൂൾ കെട്ടിടത്തിന് സമീപം ജില്ല ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ടുമാണ് മുറിച്ചു മാറ്റിയത്.മരം ലേലം ചെയ്ത് തനത് ഫണ്ടിലേക്ക് തുക മുതൽക്കൂട്ടിയതിന്റെ വിശദാംശങ്ങൾ അറിയിക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ (06/13.06.2022) നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി മുറിച്ചു മാറ്റിയ മരങ്ങൾ ലേലം ചെയ്യുന്നതിന് അസിസ്റ്റൻറ് ഫോറസ്റ്റ് കൺസർവേറ്ററുടെ കാര്യാലയത്തിലേക്ക് 19.10.2020ൽ കത്ത് നൽകിയെന്നും തുടർന്ന് 02.02.2021ൽ എസ്.എഫ്.പി.എ2-165/2021 നം കത്ത് പ്രകാരം 48442 രൂപ വാല്യുവേഷൻ തുക നിശ്ചയിച്ച് അനുമതി ലഭിച്ചിരുന്നതായും അറിയിച്ചു. ഇതിനായി പഞ്ചായത്ത് 09/07/2021 ൽ നടത്തിയ ലേലത്തിൽ ആരും പങ്കെടുത്തില്ല. പുനർലേലം നടത്തുന്നതിനായി റിവാല്യുവേഷൻ ലഭിക്കുന്നതിനുള്ള കത്ത് നല്കി നടപടി സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട്. മരങ്ങൾ ലേലം ചെയ്ത് തുക തനത് ഫണ്ടിലേക്ക് മുതൽകൂട്ടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 വാട്ടർചാർജ് 9.24ലക്ഷം, സംയുക്ത പരിശോധനയില്ല

സംയുക്തപരിശോധന നടത്താതെ ഗ്രാമപഞ്ചായത്ത് പൊതുടാപ്പുകളുടെ വാട്ടർചാർജ് ഒടുക്കുന്നു.

2020-21ൽ 924000 രൂപയാണ് വാട്ടർചാർജ് ഒടുക്കിയത്. തനത് ഫണ്ടിന് വാട്ടർ ചാർജ് വലിയ ബാധ്യതയാകുമ്പോഴും വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തിട്ടില്ല.

പൊതുടാപ്പുകളുടെ എണ്ണം അനുസരിച്ചാണ് വാട്ടർ അതോറിറ്റി വാട്ടർ ചാർജ് ചുമത്തുന്നത്. അതിനാൽ കുടിവെള്ളം ലഭിക്കുന്ന ടാപ്പുകൾക്കാണ് വാട്ടർ ചാർജ് ഒടുക്കുന്നതെന്ന് ഉറപ്പാക്കേണ്ട പ്രഥമബാധ്യത ഗ്രാമപഞ്ചായത്തിനാണ്.

ടാപ്പുകളിൽ വെള്ളം വരുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനും വെള്ളം വരാത്ത ടാപ്പുകൾ ഒഴിവാക്കുന്നതിനും കൃത്യമായ ഇടവേളകളിൽ സംയുക്തപരിശോധന നടത്തേണ്ടതുണ്ട്. വാട്ടർചാർജിൽ ചെലവ് നിയന്ത്രണം ഉറപ്പാക്കുന്നതിനും സംയുക്തപരിശോധന വേണം. ഈ വിഷയത്തിൽ നല്കിയ ഓഡിറ്റ് അന്വേഷണ (10/20-21,14.6.22)ത്തിന് 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ സംയുക്ത പരിശോധന നടത്തിയിട്ടില്ലെന്നാണ് സെക്രട്ടറിയുടെ മറുപടി.

പൊതുടാപ്പുകളുടെ വാർഡ്, സ്ഥാനം എന്നിവ വിവരിക്കുന്ന ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ലെന്ന് ഓഡിറ്റ് അന്വേഷണത്തിന് സെക്രട്ടറി മറുപടി നല്കിയിട്ടുണ്ട്. അടിയന്തരമായി സംയുക്തപരിശോധന നടത്തി വെള്ളം വരാത്ത ടാപ്പുകൾ ഒഴിവാക്കി വാട്ടർചാർജ് ചെലവിൽ ആഭ്യന്തര നിയന്ത്രണം കൊണ്ട് വരേണ്ടതാണ്. സംയുക്തപരിശോധനയ്ക്കൊപ്പം പൊതു ടാപ്പുകളുടെ ആസ്തി രജിസ്റ്റർ കൂടി തയ്യാറാക്കേണ്ടതാണ്. തുടർന്നുള്ള സംയുക്തപരിശോധനക്ക് ആസ്തി രജിസ്റ്റർ അടിസ്ഥാന രേഖയാക്കാവുന്നതാണ്.

ടാപ്പുകൾ ഉപയോഗിക്കുന്നവർക്ക് പരാതിപ്പെടുവാനും അത് പരിഹരിക്കുവാനും സംവിധാനം നിലവിലുണ്ടോ, പരാതി രജിസ്റ്റർ പരിപാലിക്കുന്നുണ്ടോ എന്നീ ഓഡിറ്റ് അന്വേഷണത്തിന് പരാതികളില്ലെന്നാണ് സെക്രട്ടറിയുടെ മറുപടി. പരാതിപരിഹാര സംവിധാനം പൊതുടാപ്പുകളിലൂടെയുള്ള കുടിവെള്ള വിതരണത്തിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തും.

ഗാർഹിക കുടിവെള്ള കണക്ഷൻ നല്കി പൊതുടാപ്പുകളുടെ എണ്ണം കുറയ്ക്കുന്നതും പരിഗണിക്കേണ്ടതാണ്.

## 1-15 റേഷൻകടകളുടെ ലൈസൻസ് ഫീസ്, റേഷൻ റീട്ടെയിൽ വ്യാപാരികളുടെ തൊഴിൽനികുതി എന്നിവ ഈടാക്കിയില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി&ഒ ലൈസൻസ് ചട്ടങ്ങളിൽ, ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളേയും ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിലെ

ചട്ടങ്ങൾ പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോകളെ തൊഴിൽനികുതി, ലൈസൻസ് ഫീസ് എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ സാധിക്കില്ലെന്ന് സിവിൽ സപ്ലൈസ് ഡയറക്ടർ (കത്ത് നം-സി.എസ്.(എ)-9/764/19 തീയതി 22.01.2019) അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ 5 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇവയൊന്നും തൻവർഷം പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുത്തിട്ടില്ല.ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(നം.05,13.06.2022) മുൻവർഷത്തെ ഓഡിറ്റ് പരാമർശം അനുസരിച്ച് ഡിമാൻറ് നോട്ടീസ് നല്കിയെങ്കിലും 2020-21 വർഷം ടി സ്ഥാപനങ്ങൾ ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഒടുക്കിയിട്ടില്ല എന്ന മറുപടി നല്കി. ടി റേഷൻകടകളിൽ നിന്നും ലൈസൻസ് ഫീസ്, ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽനികുതി എന്നിവ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-16 ജിപിഎസ് പ്രവർത്തിച്ചില്ല,കുടിവെള്ളവിതരണത്തിന് തനത് ഫണ്ട്

ജി.പി.എസ് സംവിധാനം പ്രവർത്തിക്കാത്ത ടാങ്കറിൽ കുടിവെള്ള വിതരണം നടത്തി ഗ്രാമപഞ്ചായത്ത് തനത് ഫണ്ട് 497242 രൂപ ചെലവഴിച്ചു. ജി.പി.എസ് സംവിധാനം പ്രവർത്തിച്ചിരുന്നെങ്കിൽ ചെലവ് ദുരന്തനിവാരണ അതോറിറ്റിയുടെ ഫണ്ടിൽ നിന്നോ സംസ്ഥാന സർക്കാർ ഗ്രാന്റിലോ നടത്താമായിരുന്നു. അതിലൂടെ തനത് ഫണ്ട് 497242 രൂപ മറ്റ് വികസന, ഭരണചെലവുകൾക്ക് വിനിയോഗിക്കാമായിരുന്നു.

പ്രവർത്തന ക്ഷമമായ ജി.പി.എസ് ഘടിപ്പിച്ച ടാങ്കറിൽ കുടിവെള്ളം വിതരണം ചെയ്യണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പിന്റേയും സംസ്ഥാന, ജില്ല ദുരന്ത നിവാരണ അതോറിറ്റിയുടേയും നിർദേശമുണ്ട്. കുടിവെള്ള വിതരണം നടത്തിയ കരാറുകാരന് വാഹനവാടക നല്കേണ്ടത് ജി.പി.എസ് ട്രിപ്പ് ഷീറ്റും വാഹനത്തിന്റെ ട്രിപ്പ് ഷീറ്റും പൊരുത്തപ്പെടുത്തി അധിക ചെലവ് ഇല്ലെന്ന് ഉറപ്പാക്കി വേണമെന്നും സർക്കാർ ഉത്തരവുകൾ നിർദേശിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്ത് ടാങ്കർ ഉടമക്ക് വാഹന വാടക നല്കിയത് സർക്കാർ ഉത്തരവ് പാലിക്കാതെയാണെന്ന് ചെലവ് രേഖകൾ വ്യക്തമാക്കുന്നു.

ചെലവിന്റെ വിവരണം

| വൗച്ചർ നം | തുക | കരാറുകാരൻ |
|---|---|---|
| 22000089/21.5.2020 | 272898 | ജയചന്ദ്രൻ നായർ, ശ്രീപാദം, പന്തളം തെക്കേക്കര. |
| 22000194/29.6.2020 | 147936 | |
| 22000195/29.6.2020 | 76408 | |
| ആകെ | | 497242 |

ഈ വിഷയത്തിൽ നല്കിയ ഓഡിറ്റ് അന്വേഷണ (11/14.6.22) ത്തിന് ജി.പി.എസ് സംവിധാനം കേടായതിനാലും കോവിഡ് ലോക് ഡൗൺ കാലത്ത് അത് നന്നാക്കാൻ കഴിയാതിരുന്നതിനാലുമാണ് ജി.പി.എസ് ട്രിപ്പ് ഷീറ്റില്ലാതെ തനത് ഫണ്ടിൽ നിന്ന് വാടക നല്കിയതെന്ന് സെക്രട്ടറി മറുപടി നല്കി. ജി.പി.എസ് സംവിധാനം ഇല്ലാത്ത വാഹനങ്ങളിൽ കുടിവെള്ള വിതരണം നടത്തിയ കരാറുകാർക്ക് സംസ്ഥാനദുരന്തനിവാരണ ഫണ്ടിൽ നിന്നും വാഹനവാടക അനുവദിക്കേണ്ടതില്ലെന്നും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് മറ്റ് ഫണ്ടുകൾ ഉപയോഗിക്കാമെന്നുമുള്ള സംസ്ഥാനദുരന്തനിവാരണ അതോറിറ്റിയുടെ 17.12.2019-ലെ യോഗതീരുമാനവും സെക്രട്ടറി മറുപടിയിൽ ഹാജരാക്കി. മറുപടി അംഗീകരിക്കുന്നു.

പ്രവർത്തനക്ഷമമായ ജി.പി.എസ് സംവിധാനം മറ്റ് രീതിയിൽ കൊണ്ടുവരാനാകാത്ത നിയന്ത്രണവും കൃത്യതയും സുതാര്യതയും മിതത്വവും കുടിവെള്ള ചെലവിൽ കൊണ്ടുവരുമായിരുന്നു. ഈ സംവിധാനം പ്രവർത്തിച്ചിരുന്നെങ്കിൽ ചെലവ് ദുരന്തനിവാരണ ഫണ്ടിൽ നിറവേറ്റാമായിരുന്നു എന്ന വസ്തുതയും ശ്രദ്ധയിൽപ്പെടുത്തുന്നു. വരുംവർഷങ്ങളിൽ ഇത്തരം ചെലവ് നടത്തുമ്പോൾ സർക്കാർ ഉത്തരവുകൾ കർശനമായും പാലിക്കേണ്ടതാണ്. അതോടൊപ്പം കുടിവെള്ള വിതരണചെലവിൽ മിതത്വം കൊണ്ടുവരുന്നതിന് കുടിവെള്ള ക്ഷാമം ആവർത്തിച്ച് അനുഭവപ്പെടുന്ന വാർഡുകൾ ശാസ്ത്രീയമായി നിർണയിച്ച് അവിടെ വാട്ടർ കിയോസ്കുകളുടെ സാധ്യത പ്രയോജനപ്പെടുത്താമോ എന്ന് വിദഗ്ധന്വേഷണം നടത്തേണ്ടതാണ്.

## 1-17 പാലിനു സബ്സിഡി - സബ്സിഡി ഗ്രാമപഞ്ചായത്ത് വിഹിതത്തിൽ നിന്ന് പൂർണ്ണമായി നൽകി

ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ക്ഷീരസംഘങ്ങളിൽ (തോലൂഴം Kucs, മാവര Kucs, കീരുകുഴി Kucs, തട്ടയിൽ Kucs, വയലിനും പടിഞ്ഞാറ് Kucs, ചന്ദനപ്പള്ളി Kucs, പറന്തൽ Kucs) പാലളക്കുന്ന ക്ഷീരകർഷകർക്ക് സബ്സിഡി നൽകുന്നതിനായി ആവിഷ്കരിച്ച പാലിനു സബ്സിഡി-ജനറൽ (S0069/21 (SO), പാലിന് സബ്സിഡി – ജനറൽ (S0009/21), പാലിന് സബ്സിഡി-എസ്.സി (S0010/21) എന്നീ പ്രോജക്ട് ഫയലുകൾ പരിശോധിച്ചതിൽ, സബ്സിഡി മാർഗ്ഗരേഖ പ്രകാരം അനുവദനീയമായതിലും അധികം സബ്സിഡി നൽകിയതായി കണ്ടു. ഒരു ലിറ്റർ പാലിന് ഗ്രാമപഞ്ചായത്ത് വിഹിതമായ മൂന്നു രൂപയും ക്ഷീരവികസന വകുപ്പിന്റെ വിഹിതമായ ഒരു രൂപയും ചേർത്ത് നാലു രൂപ

തോതിൽ കണക്കാക്കി കർഷകന്റെ അക്കൗണ്ടിലേക്ക് തുക നൽകണമെന്നാണ് 14.02.2018-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നം.22/2018/തസ്വഭവ നിഷ്കർഷിച്ചിട്ടുള്ളത്. എന്നാൽ വകുപ്പ് വിഹിതം ലഭ്യമാക്കാതെ സബ്സിഡി തുക മുഴുവനും ഗ്രാമപഞ്ചായത്ത് വിഹിതത്തിൽ നിന്നും നൽകി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് & പദ്ധതി നമ്പർ | ബിൽ നം., തുക&തീയതി | വൗച്ചർ പ്രകാരമുള്ള പാലളവ് | നൽകിയ തുക (Rs. 4 /Litre) | നല്കേണ്ടിയിരുന്നത് (Rs.3/ Litre) | അധികം നൽകിയത് |
|---|---|---|---|---|---|
| പാലിന് സബ്സിഡി – ജനറൽ (SO) S0069/21 | 01/2020-21 ₹ 75708 Dt.20.05.2020 | 18927 Litre | ₹ 75708 | ₹ 56781 | 18927 |
| | 02/2020-21 ₹ 338915 Dt.20.05.2020 | 85729 Litre | ₹ 338915 | ₹ 254186 | 84729 |
| | 03/2020-21 ₹ 67847 Dt.20.05.2020 | 16961 Litre | ₹ 67847 | ₹ 50883 | 16964 |
| പാലിന് സബ്സിഡി-ജനറൽ S0009/21 | 05/2020-21 ₹ 10000 Dt.26.08.2020 | 2500 Litre | ₹10000 | ₹7500 | 2500 |
| | 06/2020-21 ₹ 225000 Dt.28.09.2020 | 56250 Litre | ₹225000 | ₹168750 | 56250 |
| | 12/2020-21 ₹400000 Dt.03.02.2021 | 100000 Litre | ₹400000 | ₹300000 | 100000 |
| | 16/2020-21 ₹348000 Dt.18.02.2021 | 87000 Litre | ₹348000 | ₹261000 | 87000 |
| പാലിന് സബ്സിഡി-എസ്.സി S0010/21 | 04/2020-21 ₹ 10000 Dt.26.08.2020 | 2500 Litre | ₹10000 | ₹7500 | 2500 |
| | 07/2020-21 ₹70816 Dt.28.09.2020 | 17704 Litre | ₹70816 | ₹53112 | 17704 |
| | 08/2020-21 ₹69374 Dt.28.10.2020 | 17344 Litre | ₹69374 | ₹52030 | 17344 |
| | 09/2020-21 ₹34810 Dt.06.01.2021 | 8703 | 34810 | 26107 | 8703 |
| ആകെ | | | | | 412621 |

പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അനുവദനീയമായതിലും അധികം സബ്സിഡി നൽകിയതിനുള്ള വിശദീകരണം

ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.16/14.06.2022) മറുപടിയായി ക്ഷീരവികസന വകുപ്പിന്റെ വിഹിതമായ ഒരു രൂപ തൻവർഷം ലഭ്യമാക്കിയിട്ടില്ലന്നും പ്രസ്തുത സാഹചര്യത്തിലാണ് വകുപ്പ് വിഹിതം ചേർത്ത് തുക നല്കിയതെന്നും നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചു. സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതിപ്പണം ചെലവഴിച്ചത് ശരിയായ നടപടിയല്ല. സർക്കാർ ഉത്തരവിലെ നിർദ്ദേശ പ്രകാരം വരും വർഷങ്ങളിൽ ഗ്രാമപഞ്ചായത്ത് വിഹിതത്തിൽ നിന്നുമുള്ള സബ്സിഡി ലിറ്ററിന് മൂന്ന് രൂപയായി നിജപ്പെടുത്തേണ്ടതി ക്ഷീര കർഷകർക്ക് സഹായം നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-18 നിക്ഷേപപ്രോജക്ട് പൂർത്തിയായില്ല

ഗ്രാമപഞ്ചായത്തിന്റെ നിക്ഷേപ പ്രോജക്ടുകൾ പൂർത്തിയായില്ല. കീരുകുഴി പറപ്പെട്ടി നടപ്പാലം, ദീപാലയം പടി കലുങ്ക് നിർമ്മാണം എന്നീ നിക്ഷേപ പ്രോജക്ടുകളാണ് പൂർത്തിയാകാത്തത്. രണ്ട് പ്രോജക്ടുകളുടേയും നിർവഹണം ചെറുകിട ജലസേചന വകുപ്പിന്റെ പത്തനംതിട്ട എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ കാര്യാലയത്തിനാണ്. 2019-20-ലാണ് പ്രോജക്ട് നിർവഹണം തുടങ്ങിയത്.

നിർവഹണ ഏജൻസി ആവശ്യപ്പെട്ടതനുസരിച്ച് 2020-21-ൽ പ്രോജക്ട് 282/21-ൽ വികസന ഫണ്ടിൽ നിന്നും 95000 രൂപ (ബിൽ 20050652013700664288 /27.10.20) അധിക നിക്ഷേപം നടത്തിയിട്ടുണ്ട്.

2019-20-ൽ പ്രോജക്ടുകൾക്ക് യഥാക്രം 200000 രൂപയും 1000000 രൂപയും ഉൾപ്പെടെ നിർവഹണ ഏജൻസിയിൽ ആകെ നിക്ഷേപിച്ചത് 1295000 രൂപയാണ്.

പ്രോജക്ടുകളുടെ പൂർത്തീകരണ രേഖകൾ, നിർവഹണ ഏജൻസിയുമായി ചമച്ച കരാർ എന്നിവ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (18/20-21, 15.6.2022) നല്കിയിരുന്നു. പറപ്പെട്ടി നടപ്പാലം നിർമ്മാണം പൂർത്തിയായതായും ദീപാലയം പടി കലുങ്ക് നിർമ്മാണം നടന്ന് വരുന്നതായും നിർവഹണ ഉദ്യോഗസ്ഥയായ സെക്രട്ടറി മറുപടി നല്കി. പ്രോജക്ടുകൾ പൂർത്തീകരിക്കുമ്പോൾ അന്തിമബില്ല്, എം.ബുക്ക്, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണത്തിൽ പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തിന്റെ ആസ്തികളാണോ എന്നത് വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നതിന് മറുപടി ലഭ്യമാക്കിയില്ല. ഇവ ഗ്രാമപഞ്ചായത്തിന്റെ ആസ്തികളാണെന്ന് ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

നിർവഹണ ഏജൻസിയുമായി ചമച്ച കരാർ ഓഡിറ്റിന് ഹാജരാക്കിയില്ല. പദ്ധതി മാർഗരേഖ അനുസരിച്ച് നിക്ഷേപ ഏജൻസിയുമായി ഗ്രാമപഞ്ചായത്ത് കരാർ ചമയ്ക്കേണ്ടതുണ്ട്. അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-19 എസ്എസ്എ: പദ്ധതി പുരോഗതി ഗ്രാമപഞ്ചായത്ത് വിലയിരുത്തുന്നില്ല

2020-21-ൽ പൊതു, പട്ടികവിഭാഗങ്ങൾക്ക് പ്രത്യേകം എസ്.എസ്.എ പ്രോജക്ടുകൾ നടപ്പാക്കി. 40/21- പൊതുപ്രോജക്ടിൽ 6 ലക്ഷം രൂപ വികസന ഫണ്ടും 41/21- പട്ടികജാതി പ്രോജക്ടിൽ 4 ലക്ഷം രൂപ എസ്.സി.പി ഫണ്ടും ഉൾപ്പെടെ 10 ലക്ഷം രൂപയാണ് സമഗ്ര ശിക്ഷക് കേരള പത്തനംതിട്ട ജില്ല പ്രോജക്ട് കോർഡിനേറ്റർക്ക് 11.05.2020-ൽ ഗ്രാമപഞ്ചായത്ത് നല്കിയത്.
സർക്കാർ പദ്ധതിയായ എസ്.എസ്.എക്ക് വിഹിതം നല്കുന്നതല്ലാതെ ഗ്രാമപഞ്ചായത്ത് അത് വിലയിരുത്തുന്നില്ല. ഓഡിറ്റ് വർഷം 10 ലക്ഷം രൂപയാണ് പദ്ധതിക്ക് ഗ്രാമപഞ്ചായത്ത് വിഹിതം നല്കിയത്. എസ്.എസ്.എ മാർഗനിർദേശം അനുസരിച്ച് ഗ്രാമപഞ്ചായത്ത് വിഹിതത്തിന് ആനുപാതികമായി കേന്ദ്രസംസ്ഥാന വിഹിതങ്ങൾ കൂടി ഗ്രാമപഞ്ചായത്തിലെ സർക്കാർ എയിഡഡ് സ്കൂളുകളിൽ വിനിയോഗിക്കേണ്ടതുണ്ട്. കോവിഡ് കാരണം 2020-21-ൽ വിദ്യാലയങ്ങൾ പ്രവർത്തിച്ചിട്ടില്ല. എന്നിട്ടും ഗ്രാമപഞ്ചായത്ത് വിഹിതം മുഴുവൻ ചെലവഴിച്ചതായാണ് സമഗ്ര ശിക്ഷക് കേരള പത്തനംതിട്ട ജില്ല പ്രോജക്ട് കോർഡിനേറ്ററുടെ വിനിയോഗ സാക്ഷ്യപത്രം. ഇത് ശരിയാണെന്ന് തെളിയിക്കുന്ന മോണിട്ടറിംഗ് റിപ്പോർട്ട് ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റിയോ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പോ തയ്യാറാക്കിയിട്ടില്ല. ഏതൊക്കെ പ്രോജക്ടുകളിലാണ് ഗ്രാമപഞ്ചായത്ത് വിഹിതം ചെലഴിച്ചതെന്ന വിശദമായവിവരണം കോഓർഡിനേറ്ററുടെ വിനിയോഗസാക്ഷ്യപത്രത്തിലില്ല. കേരള ഫിനാൻഷ്യൽ കോഡ് നിർദേശിക്കുന്ന രീതിയിലല്ല വിനിയോഗ സാക്ഷ്യപത്രം.അതിനാൽ അത് ആധികാരികമെന്ന് കരുതാനാവില്ല.വിശദമായ സാക്ഷ്യപത്രം വാങ്ങി ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റിയുടെ നേതൃത്വത്തിൽ ഗ്രാമപഞ്ചായത്തിലെ എസ്എസ്എ പദ്ധതി നിർവഹണം സോഷ്യൽ ഓഡിറ്റിന് വിധേയമാക്കാവുന്നതാണ്.

## 1-20 സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി, വേതനം നൽകുവാൻ മെയിന്റനൻസ് ഫണ്ട് ചെലവഴിച്ചു

പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ ലാബ് സൗകര്യം ആരംഭിക്കുന്നതിനായി രൂപീകരിച്ച പദ്ധതിയുടെ ഭാഗമായി (പ്രോ.നം.58/21) റോഡിതര മെയിന്റനൻസ് ഫണ്ടിൽ നിന്നും ഇനത്തിൽ 2,72,565 രൂപ ചെലവഴിച്ചിട്ടുണ്ട്. കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ലാബ് ടെക്നീഷ്യന്റെ വേതനം, ലാബ് റീ ഏജന്റുകൾ വാങ്ങൽ എന്നീ ചെലവുകൾക്കാണ് തുക വിനിയോഗിച്ചിട്ടുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് ധനസഹായം നൽകുന്നതുമായി ബന്ധപ്പെട്ട സബ്സിഡി മാർഗ്ഗനിർദ്ദേശം (GO(MS) 22/2018/LSGD Dated 14.02.2018, ഖ-7.5.1) പ്രകാരം കരാറടിസ്ഥാനത്തിൽ നിയമിക്കുന്ന ലാബ് ടെക്നീഷ്യന് വേതനം നൽകേണ്ടത് വികസനഫണ്ടിൽ നിന്നാണ്. ഇതിന് വിരുദ്ധമായി റോഡിതര മെയിന്റനൻസ് ഫണ്ട് വകയിരുത്തി പദ്ധതി രൂപീകരിച്ച് അംഗീകാരം വാങ്ങി തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (09/13.06.2022) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി മെയിന്റനൻസ് ഫണ്ട് വകയിരുത്തി പദ്ധതി രൂപീകരിച്ച് നടപ്പിലാക്കിയതിന് വിശദീകരണം ലഭ്യമാക്കുന്ന മുറയ്ക്ക് ഓഡിറ്റ് പരാമർശത്തിന്മേൽ തുടർനടപടി സ്വീകരിക്കുന്നതായിരിക്കും.

## 1-21 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് വാഹനം ഉപയോഗിച്ചതിൽ സുതാര്യത ഇല്ല

കോവിഡ് രോഗ പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി രണ്ട് പ്രോജക്ടുകളിലായി (പ്രോ.നം.61/21, 211/21) വാഹന വാടകയിനത്തിൽ 1,50,000 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രതിദിനം 1000 രൂപ വെച്ച് 150 ദിവസത്തെ വാടകയാണ് നല്കിയിട്ടുള്ളത്. എന്തൊക്കെ ആവശ്യങ്ങൾക്ക് ഏതൊക്കെ സ്ഥലങ്ങളിൽ പോകുന്നതിന് ഏതൊക്കെ ഉദ്യോഗസ്ഥരാണ് വാഹനം ഉപയോഗിച്ചത് എന്നത് സംബന്ധിച്ച രേഖകൾ ഫയലിൽ ലഭ്യമല്ല. വാഹന ഉടമ സമർപ്പിച്ച ട്രിപ്പ് ഷീറ്റിന്റെ അടിസ്ഥാനത്തിൽ തുക അനുവദിച്ച് നൽകിയിരിക്കുകയാണ്. ചെലവിനെ സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി സമർപ്പിച്ചു. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി വാഹന സൗകര്യം ഏർപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിക്കൊണ്ടുള്ള സ.ഉ.(സാധാ) നം.950/2021/തസ്വഭവ തീയതി 05.05.2021 നമ്പർ ഉത്തരവ് സൂചിപ്പിച്ചുകൊണ്ടാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയത്. ടി ഉത്തരവിലെ ഇനം 7.7 പ്രകാരം, കോവിഡ് പ്രതിരോധ പ്രവർത്തനവുമായി ബന്ധപ്പെട്ട് വാഹന സൗകര്യം ക്രമീകരിക്കുമ്പോൾ, വാഹനം, ഇന്ധനം, ഡ്രൈവറുടെ വേതനം എന്നിവയിൽ സർക്കാർ പണം ചെലവഴിക്കേണ്ടി വരുന്ന സാഹചര്യത്തിൽ നിയമാനുസൃത ലോഗ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇവിടെ ഈ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി വാഹനങ്ങൾ വാടകയ്ക്ക് എടുത്ത് ഉപയോഗിക്കേണ്ടി വന്നത് അനിവാര്യമായിരുന്നു. അതേ സമയം തന്നെ വാഹന ഉപയോഗത്തിന്റെ സുതാര്യത ഉറപ്പുവരുത്തേണ്ടിയിരുന്നത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഉത്തരവാദിത്തമായിരുന്നു. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-22 ആശ്രയ പദ്ധതി-ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് നേരിട്ട് ആനുകൂല്യം നല്കുന്നില്ല

വീട്, വീട് പുനരുദ്ധാരണം, ടോയിലറ്റ് നിർമ്മാണം, കിണർ നിർമ്മാണം എന്നീ പ്രവർത്തികൾക്കായി 2020-21 സാമ്പത്തിക വർഷം 7 ആശ്രയ ഗുണഭോക്താക്കൾക്ക് 1,86,000 രൂപ ചെലവഴിച്ചിട്ടുണ്ട്. സി.ഡി.എസ്-ന്റെ അക്കൗണ്ടിൽ നിന്ന് ചെക്ക് മുഖേനയാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. എന്നാൽ ഗുണഭോക്താവിന്റെ പേർക്കല്ല ചെക്ക് നല്കുന്നത്. എ.ഡി.എസ്-ചെയർപേഴ്സന്റെ പേർക്കാണ് ചെക്ക് നല്കിയിരിക്കുന്നത്. ചെക്ക് പ്രകാരമുള്ള തുക എ.ഡി.എസ്-ചെയർപേഴ്സൺ ഗുണഭോക്താവിന് കൈമാറുന്ന രീതിയാണ് നിലവിലുള്ളത്. എന്നാൽ എ.ഡി.എസ്-ചെയർപേഴ്സൺ തുക ഗുണഭോക്താവിന് കൈമാറിയതിന്റെ രേഖകളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടുമില്ല. ഇത് തെറ്റായ നടപടിയാണ്. വ്യക്തിഗത ഗുണഭോക്താക്കൾക്കുള്ള ആനുകൂല്യങ്ങൾ ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് തന്നെ അനുവദിച്ച് നല്കേണ്ടതാണെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ആശ്രയ ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിക്കുമ്പോളും ടി നിർദ്ദേശം കർശനമായി പാലിക്കേണ്ടതാണ്.

## 1-23 പകൽ വീട്-നിർമ്മാണം പൂർത്തീകരിച്ചിട്ടും പ്രവർത്തനം ആരംഭിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിൽ രണ്ട് പകൽ വീടുകൾ നിർമ്മിച്ചിട്ടുണ്ട്. എട്ടാം വാർഡിലെ മങ്കുഴി എന്ന സ്ഥലത്തും ഏഴാം വാർഡിലെ പാറക്കര എന്ന സ്ഥലത്തുമാണ് ഇവ നിർമ്മിച്ചിട്ടുള്ളത്. ഇവയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| പകൽവീട് | നിർമ്മാണം പൂർത്തീകരിച്ചത് | ചെലവഴിച്ച തുക | അടിസ്ഥാന സൗകര്യ വികസനത്തിന് ചെലവഴിച്ച തുക |
|---|---|---|---|
| മങ്കുഴി | 2009-10 | 5,00,000 | 4,56,503 |
| പാറക്കര | 2020-21 | ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ച് നൽകി | 34,313 |

2009-10 സാമ്പത്തിക വർഷം നിർമ്മാണം പൂർത്തീകരിച്ച പകൽ വീട് നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. നിലവിൽ ഗ്രാമസഭ ഉൾപ്പെടെയുള്ള വാർഡ് തല പ്രവർത്തനങ്ങൾ നടത്തുന്നതിനാണ് പകൽ വീട് ഉപയോഗിച്ച് വരുന്നത്. പകൽ വീട് പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ എല്ലാം തന്നെ സ്ഥാപനത്തിൽ ലഭ്യമാണ്. ബ്ലോക്ക് പഞ്ചായത്ത് 2020-21 വർഷം നിർമ്മിച്ച് നൽകിയ പകൽവീടിന് നിലവിൽ വൈദ്യുതി കണക്ഷൻ ലഭ്യമായിട്ടില്ല.

ഒരു പ്രദേശത്തെ വയോജനങ്ങൾക്ക് സ്വതന്ത്രമായി ഒത്തുചേരുന്നതിനും വിശ്രമിക്കുന്നതിനും വിനോദങ്ങളിൽ ഏർപ്പെടുന്നതിനും കഴിയും വിധം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആരംഭിച്ച് നടപ്പിലാക്കേണ്ട സാമൂഹ്യ കേന്ദ്രമാണ് പകൽവീട്. വയോജനങ്ങൾക്ക് ഒരു കുടുംബം പോലെ സ്വാതന്ത്ര്യവും അംഗീകാരവും ആനന്ദവും പകരാൻ കഴിയും വിധം പകൽ വീടുകളുടെ പ്രവർത്തനം ചിട്ടപ്പെടുത്തേണ്ടത് അനിവാര്യമാണ്. പകൽ വീടിന്റെ കാര്യക്ഷമമായ നടത്തിപ്പിനായി കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കാവുന്നതും അർഹരായവർക്ക് ഉച്ചഭക്ഷണം പാകം ചെയ്ത് നൽകാവുന്നതുമാണ്. അടിസ്ഥാന സൗകര്യങ്ങളെല്ലാം ഉറപ്പുവരുത്തി, ഗ്രാമപഞ്ചായത്തിൽ നിർമ്മിച്ചിട്ടുള്ള രണ്ട് പകൽ വീടുകളുടേയും പ്രവർത്തനം അടിയന്തിരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-24 റീടാറിംഗ് പ്രവൃത്തികൾക്ക് ബിറ്റുമിൻ ഉപയോഗിച്ചതിന്റെ ബില്ലുകൾ ഹാജരാക്കാത്ത കരാറുകാർക്കു തുക നൽകി.

കേരള സർക്കാർ, ധനകാര്യ വകുപ്പിന്റെ ഉത്തരവ് (G.O.(P.)No.96/2016/Fin., Dtd. 15.07.2016) പ്രകാരം ബിറ്റുമിൻ വാങ്ങിയതിന്റെ ഒറിജിനൽ ബില്ലുകൾ ഹാജരാക്കിയാൽ മാത്രമെ ടാറിംഗ്/റീടാറിംഗ് പ്രവൃത്തിയുടെ ഫൈനൽ ബിൽ തുക നൽകാൻ പാടുള്ളൂ എന്ന നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ബിറ്റുമിൻ വാങ്ങിയതിന്റെ യഥാർത്ഥ ബില്ലുകൾ ഹാജരാക്കാത്ത കരാറുകാർക്കു ഫൈനൽ ബിൽ തുക അനുവദിച്ച് നൽകിയിട്ടുണ്ട്. താഴെ പറയുന്ന റീടാറിംഗ് പ്രവൃത്തികൾക്ക് ആവശ്യമായ ബിറ്റുമിൻ വാങ്ങിയതിന്റെ ബില്ലുകൾ ഫയലിനോടൊപ്പം ഹാജരാക്കിയിട്ടില്ല. പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്റ്റ് നം./പേര് | കരാറുകാരന്റെ പേര്, എം ബുക്ക് നമ്പർ | ബിറ്റുമിന്റെ അളവ് (Kg) എം ബുക്ക് പ്രകാരം | ബിൽ തുക, ബിൽ നമ്പർ / തീയതി | ബിറ്റുമിനു DSR പ്രകാരം നൽകിയ തുക (Kg*42.07) |
|---|---|---|---|---|---|
| 1 | 148/20-21, പനവേലിത്തുണ്ടിപ്പടി – കല്ലുഴത്തിൽപ്പടി റോഡ് റീടാറിംഗ് | കുഞ്ഞുമോൻ ഡാനിയൽ, 89/20-21 | 37 ബാരൽ 5772 Kg | ₹803047, 228/10.11.2020 | 242828 |
| 2 | 78/20-21, ചാങ്ങോട്ടിൽപ്പടി തോമ്പിൽപ്പടി റോഡ് | അനൂപ് ജി, 63/19-20 | 35 ബാരൽ, 5460 Kg | ₹498400 399/07.03.20, ₹62840 39/11.04.20 | 229702 |
| 3 | 76/20-21, ഹരിജൻ സൊസൈറ്റിപ്പടി - മൈനാപ്പള്ളി റോഡ് | അനൂപ് ജി, 45/19-20 | 35 ബാരൽ, 5460 Kg | 496381 394;29.02.20 | 229702 |
| 4 | 75/20-21, ഒരിപ്പുറം നരിയാപുരം റോഡ് റീടാറിംഗ് | പി.കെ ലത, 25/19-20 | 23 ബാരൽ, 3588 | 461214, 27/11.04.20 | 150947 |
| 5 | 82/20-21, കോട്ടപ്പുറം പറയാന്റയ്യത്തുപടി റോഡ് | അനൂപ് ജി, 30/10-20 | 11 ബാരൽ, 1716 Kg | 227847 37/11.04.20 | 72192 |

| | | | | | |
|---|---|---|---|---|---|
| 6 | 79/20-21, പാലനിൽക്കുന്നതിൽ കോളനി റോഡ് | പി.കെ ലത 11/19-20 | 21 ബാരൽ, 3276 | 370261 386/28.02.20, 91159 135/10.08.20. | 137821 |
| 7 | 156/20-21, ഒരിപ്പുറം നരിയാപുരം റോഡ് റീടാറിംഗ് | അനൂപ് ജി, 64/20-21 67/19-20 | 33 ബാരൽ, 5148 | 572443 233/10.11.20 | 216576 |
| 8 | 172/20-21, ചന്ദ്രവേലിപ്പടി - കൊല്ലന്റയ്യത്തുപടി റോഡ് | ശശികല, 66/20-21 | 21 ബാരൽ, 3276 | 144879 373/12.03.21 376319, 240/12.11.20 | 137821 |
| 9 | 158/20-21, സൊസൈറ്റിപ്പടി അരയകോടിക്കൽ റോഡ് | കുഞ്ഞുമോൻ ഡാനിയൽ, 60/20-21 | 41 ബാരൽ 6396 | 683873, 369/06.03.2021 | 269080 |
| 10 | 166/20-21, നിരപ്പുണ്ടത്തിൽ വാഴമൂട്ടത്തിൽപ്പടി റോഡ് | അനൂപ് ജി, 68/20-21 | 20 ബാരൽ, 3120 | 271335 352/27.02.21 | 131258 |
| 11 | 175/20-21, പറമ്പേത്തുപടി തെങ്ങുംതോട്ടത്തിൽപ്പടി റോഡ് | ശശികല, 67/20-21 | 21 ബാരൽ 3276 | 506955 241/12.11.2020 | 137821 |
| 12 | 130/20-21, പോളി ടെക്നിക് പാണ്ടിയാളവിട റോഡ് | P.K മുരളീധരക്കുറുപ്പ്, 65/20-21 | 31 ബാരൽ 4836 | 853833 234/10.11.20 | 203450 |
| 13 | 177/20-21, കാഞ്ഞിരക്കൽ പടി റോഡ്, | 15/20-21. കുഞ്ഞുമോൻ ഡാനിയൽ, | 24 ബാരൽ, 3744 | 340712 242/12.11.20 410947 151/26.08.20 | 157510 |
| 14 | 168/20-21, NSS HS, തലക്കോട്ട ഏല റോഡ് | 62/20-21, അനൂപ് ജി | 19 ബാരൽ, 2964 | 381358 231/10.11.20 | 124695 |
| 15 | 74/20-21, നട്ടവത്രപ്പടി കുന്നംപള്ളിപ്പടി റോഡ് | K.G വിൽസൺ, 66/19-20 | 36 ബാരൽ, 561 | 498204 31/11.04.20 | 236265 |
| 16 | 77/20-21, മേച്ചേരിപ്പടി കിഴക്കേക്കരപ്പടി LPS ഉടയാൻകാവ് റോഡ് | 68/19-20 P.K ലത | 47 ബാരൽ, 7332 | 570555 134/10.08.20 481846 25/11.04.20 | 308457 |
| 17 | 146/20-21, കൊല്ലന്റയ്യത്തുപടി കുന്നത്തുർപ്പടി റോഡ് | അനൂപ് ജി, 63/20-21 | 27 ബാരൽ, 4212 | 473762 232/10.11.20 | 177199 |
| 18 | 125/20-21, | നിഥിൻ പി | 22 | 427820 | 144384 |

| | | | | | |
|---|---|---|---|---|---|
| | കീഴുകുഴി നെയ്ത്തുകാരൻ പടി റോഡ് | ജോൺ, 11/20-21 | ബാരൽ, 3432 | 378/15.03.21 | |
| | ആകെ | | | | 3307708 |

തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 26.03.2021 ലെ DB6/6809/CE സർക്കുലർ പ്രകാരം നിലവിൽ ഇ-മെയിൽ മുഖേന ഇൻവോയിസുകൾ ലഭ്യമാകുന്നതിൽ ആധികാരികത ഉറപ്പാക്കാനാവാത്തതിനാൽ ഒരു പ്രവൃത്തിയ്ക്ക് ബിറ്റുമിനു വാങ്ങുന്നതിനു വേണ്ടി ഇൻഡന്റ് നൽകുമ്പോൾ അനുവദിച്ച കാര്യാലയത്തിലേക്കും ഇ-മെയിൽ മുഖേന 'ഈ ഇൻഡന്റ് മുഖേന നൽകുന്ന ടാറിന്റെ ബില്ലിന്റെ പകർപ്പ് നൽകണം' എന്ന പരാമർശം ഇൻഡന്റിൽ രേഖപ്പെടുത്താൻ നിർദ്ദേശിച്ചിരുന്നു.ബില്ലുകളിൽ റഫറൻസായി ഇൻഡന്റ് നമ്പർ കൂടി രേഖപ്പെടുത്താൻ നിർദ്ദേശിച്ചിരുന്നു. അപ്രകാരം ഇ-മെയിൽ മുഖേന ഇൻവോയിസുകൾ BPCL തുടങ്ങിയ കമ്പനികളിൽ നിന്നും ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പുകളോ അല്ലാത്തപക്ഷം ഒറിജിനൽ ഇൻവോയിസുകളോ ഓഡിറ്റിനു ഹാജരാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും (നമ്പർ:13/2020-21;14.06.2022) മറുപടി ലഭ്യമാക്കിയിരുന്നില്ല. ആയതിനാൽ ബിറ്റുമിൻ വാങ്ങിയതിന്റെ ബില്ലുകൾ ഹാജരാക്കാതെ ചെലവഴിച്ച ₹3307708 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ബില്ലുകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-25 സെൽഫ് ഡിക്ലറേഷൻ ഹാജരാക്കാത്ത കരാറുകാർക്ക് ജിഎസ് ടി കോമ്പൻസേഷൻ നൽകി.

2020-21 സാമ്പത്തിക വർഷങ്ങളിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ഭൂരിഭാഗം മരാമത്ത് പ്രവൃത്തികളിലും 12% GST പ്രവൃത്തിമൂല്യത്തിൽ നിന്നും നൽകിയിട്ടുണ്ട്. സ.ഉ(അച്ചടി) നം:87/2017/തസ്വഭവ; 01.11.2017 ഉത്തരവു പ്രകാരം മരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്ന എല്ലാ കരാറുകാരും നിർബന്ധമായും GST രജിസ്ട്രേഷൻ എടുക്കേണ്ടതും ടെണ്ടറിനൊപ്പം ഹാജരാക്കേണ്ടതുമാണ്.

സ.ഉ. (സാധാ) നം:2532/2018/തസ്വഭവ;29.09.2018 സർക്കാർ ഉത്തരവ് പ്രകാരം GST കോമ്പൻസേഷൻ ക്ലെയിം ചെയ്യുന്നതിന് കരാറുകാർ അവരുടെ പൂർണ്ണമായ മേൽവിലാസം,GST നമ്പർ എന്നിവ ഉൾപ്പെടുത്തി ഒരു സെൽഫ് ഡിക്ലറേഷൻ നൽകണമെന്നു നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായി സമർപ്പിക്കേണ്ട മാതൃകയും സർക്കാർ ഈ ഉത്തരവിലൂടെ നിർദ്ദേശിച്ചിട്ടുണ്ട്.

നിർവ്വഹണ ഫയലുകളിലൊന്നും തന്നെ കരാറുകാരുടെ സെൽഫ് ഡിക്ലറേഷൻ ഫോം ഹാജരാക്കിയിട്ടില്ല. താഴെ പറയുന്ന കരാറുകാർ ഈ പഞ്ചായത്തിൽ വിവിധ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം നടത്തുകയും 12% GST കോമ്പൻസേഷൻ നേടുകയും ചെയ്തിട്ടുണ്ട്. ഈ കരാറുകാരുടെ GST നമ്പർ രേഖപ്പെടുത്തിയ സെൽഫ് ഡിക്ലറേഷൻ ഫോം ഓഡിറ്റിനു ഹാജരാക്കേണ്ടതാണ്.

| ക്രമ നം | കരാറുകാരന്റെ പേര്, വിലാസം |
|---|---|
| 1. | അനൂപ് ജി, താമരയ്യത്ത്, മന്നം നഗർ, പന്തളം |
| 2 | കെ.ജയകുമാർ |
| 3 | മുരളീധരൻ ആചാരി |
| 4 | സുനിൽ മാത്യു, |
| 5 | പി പി ജോൺ, പ്രിൻസ് കോട്ടേജ്, പറന്തൽ |
| 6 | നിഥിൻ പി ജോൺ,നിർമ്മൽ ഭവൻ, പറന്തൽ |
| 7 | എം ബിജു, താജ് ഭവനം, പഴകുളം |
| 8 | കൃഷ്ണകുമാർ കെ.ആർ, ബീന ഭവനം, പഴകുളം |
| 9 | P.K മുരളീധര കുറുപ്പ്, പുളിക്കുളത്ത് തെക്കേതിൽ, പട്ടുകോട്ടയ്ക്കൽ |
| 10 | ശശികല, കൗസ്തുഭം, മല്ലിക, തട്ടയിൽ |
| 11 | സുരേഷ് കുമാർ, സകേതം, പെരുമ്പുളിക്കൽ, പന്തളം |
| 12 | കുഞ്ഞുമോൻ ഡാനിയൽ, ഉഷസ്, ഇളംഗംമംഗലം, ഏനാത്ത് |
| 13 | ഗോപാലകൃഷ്ണക്കുറുപ്പ്, സാരംഗം, മന്നം |
| 14 | കെ.ജി വിൽസൺ |
| 15 | സുനിൽ മാത്യു, |
| 16 | കെ.എസ് പുരുഷോത്തമൻ, |

| | |
|---|---|
| 17 | P.K ലത |
| 18 | ജയകുമാർ T |

മേൽ കരാറുകാരുടെ GST രജിസ്ട്രേഷനും സെൽഫ് ഡിക്ലറേഷൻ ഫോമുകളും ഹാജരാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ:14/2020-21;14.06.2022) അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കിയില്ല. ഈ വിഷയത്തിൽ വകുപ്പുതലത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2,12,500 | സമഗ്ര നെൽകൃഷി വികസനം | 2,12,500 | 0 |
| ബ്ലോക്ക് പഞ്ചായത്ത് (S.O) | 1,70,000 | സമഗ്ര നെൽകൃഷി വികസനം | 1,70,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 1,50,000 | അംഗനവാടി പോഷകഹാരം | 1,50,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2,00,000 | സ്കോളർഷിപ്പ് | 2,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 1,00,000 | അംഗനവാടി പോഷകഹാരം | 1,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 1,00,000 | സ്കോളർഷിപ്പ് | 1,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 4,00,000 | LIFE ഭവന പദ്ധതി | 3,85,138 | 14,862 |
| ബ്ലോക്ക് പഞ്ചായത്ത് | 4,00,000 | ലൈഫ് ഭവന പദ്ധതി SCP | 3,60,000 | 40,000 |
| ബ്ലോക്ക് പഞ്ചായത്ത് | 2,00,000 | ഭൂരഹിത ഭവന രഹിത പദ്ധതി | 2,00,000 | 0 |
| ജില്ലാ പഞ്ചായത്ത് (S.O) | 17,363 | സാന്ത്വന പരിചരണം | 17,363 | 0 |
| ജില്ലാ പഞ്ചായത്ത് | 2,50,250 | സാന്ത്വന പരിചരണം | 2,50,250 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 1,75,000 | ക്ഷീരകർഷകർക്ക പാലിന് സബ്സിഡി SC | 1,75,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2,25,000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 2,25,000 | 0 |
| ജില്ലാ പഞ്ചായത്ത് | 4,00,000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 4,00,000 | 0 |
| ജില്ലാ പഞ്ചായത്ത് (S.O) | 4,82,470 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 4,82,470 | 0 |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര്, പ്രോജക്ട് നമ്പർ | വൗച്ചർ നമ്പർ/ ചെക്ക് നം. തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| PWD, ELECTRONICS | 62 – ഗ്രാമപഞ്ചായത്ത് കോപ്ലക്ളിൽ നീരിക്ഷണ ക്യാമറ സ്ഥാപിക്കൽ | 316/ 08.02.2021 | 100000 | 0 | 100000 |
| ചെറുകിടജലസേചനം | 282 - പടുകോട്ടുക്കൽ ദീപാലയം പടികലുങ്ക്, കീഴുകുഴി പറപ്പെട്ടി നടപ്പാലം എന്നി പ്രവൃത്തികൾക്ക് അധിക വിഹിതം ഒടുക്കൽ | 204/ 27.10.2020 | 95000 | 0 | 95000 |
| KSEB | 110 – പുതിയ സ്ട്രീറ്റ് ലൈൻ വലിക്കൽ | 373/ 13.03.2021 | 100000 | 0 | 100000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

തദ്ദേശ ഭരണ സ്ഥാപനം വായ്പ എടുത്തിട്ടില്ല. എന്നാൽ LIFE പദ്ധതിയുടെ മുതൽ തിരിച്ചടവിനായി വികസന ഫണ്ട് (ജനറൽ) ,SCP വിഹിതത്തിൽ നിന്നും സ്രോതസ്സിൽ നിന്നും തുക തൻവർഷവും മുൻവർഷവും പിടിച്ചിട്ടുണ്ട്. ഈ തുക തിരികെ ഈടാക്കാൻ ഗ്രാമപഞ്ചായത്ത് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-2 | 2016-17 | അദ്ധ്യായം | മൊബൈൽടവറുകളുടെ | അപാകത |

| | | | | | |
|---|---|---|---|---|---|
| | | | 1 | വസ്തുനികുതി ഈടാക്കുന്നില്ല | പരിഹരിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| 2015-16 | 2-1 | 2016-17 | അദ്ധ്യായം 2 | D&O ലൈസൻസ് നൽകുമ്പോൾ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല | അപാകത പരിഹരിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |

## 4-8 ചാർജ് /സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്തവിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് മുന്നിരിപ്പ് ഉൾപ്പെടെ | 108192707 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 94698324 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം | ഇല്ല |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക | 3307708 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24 | 3307708 | ബിന്ദു എസ് കരുണാകരൻ, അസിസ്റ്റന്റ് എഞ്ചിനീയർ |

സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ബിന്ദു എസ് കരുണാകരൻ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് | ദേവി ഭവൻ,ഇളമണ്ണൂർ P.O, കോന്നി. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഓഡിറ്റ് റിപ്പോർട്ട് നം., തീയതി | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1998-99 | എൽ.എഫ്.പി.റ്റി.എ.പി2/730/01 തീയതി 11.12.02 | 4 |

| | | |
|---|---|---|
| 1999-00 (ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി2/729/01 തീയതി. 25.09.02 | 2 |
| 2002-03 | എൽ.എഫ്.പി.റ്റി.എ.പി4/233/07 തീയതി 11.04.07 | 7 |
| 2003-04 | എൽ.എഫ്.പി.റ്റി.എ.പി7/39(A)09 തീയതി 26.07.10 | 9 |
| 2004-05 | എൽ.എഫ്.പി.റ്റി.എ.പി7/39(B)09 തീയതി 22.11.11 | 9 |
| 2005-06 | എൽ.എഫ്.പി.റ്റി.എ.പി4/761/10 തീയതി 28.11.11 | 9 |
| 2006-07 | എൽ.എഫ്.പി.റ്റി.എ.പി5/334/11 തീയതി 14.09.12 | 32 |
| 2007-08 മുതൽ 2010-11 വരെ | എൽ.എഫ്.പി.റ്റി.എ.പി5/1111/12 തീയതി 06.06.13 | 3 |
| 2011-12 & 2012-13 | എൽ.എഫ്.പി.റ്റി.എ.പി11/150/04/14 തീയതി 10.11.14 | 29 |
| 2013-14 | എൽ.എഫ്.പി.റ്റി.എ.പി11/454/15 തീയതി 25.07.15 | 21 |
| 2014-15 | കെ.എസ്.എ.പി.റ്റി.എ.പി11/853/16 തീയതി 27.07.16 | 14 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ.പി11/1385/16 തീയതി 10.01.2017 | 23 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ.പി11/761/17 തീയതി 07.07.2017 | 28 |
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി11/1360/18 തീയതി 25.10.2018 | 32 |
| 2018-19 | കെ.എസ്.എ.പി.റ്റി.എ.പി11/605/2019 തീയതി 25.07.2019 | 33 |
| 2019-20 | കെ.എസ്.എ.പി.റ്റി.എ.പി11/421/2021 തീയതി 30.06.2021 | 8 |

അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്